2007-ലെ 2-ാം ആക്ട്

2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് *

ഇരിങ്ങാലക്കുട കൂടൽമാണിക്യം ദേവസ്വത്തിന്റെ
ശരിയായ ഭരണത്തിനുവേണ്ടി വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ആക്ട്

പീഠിക.—ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യം ക്ഷേത്രം വളരെയധികം വസ്തുവകകളും ദാനസ്വത്തുക്കളും ഉള്ള അതുല്യ പ്രാധാന്യമുള്ള ഒരു പുരാതന ക്ഷേത്രമായിരിക്കയാലും;

1917 നവംബർ 30-ാം തീയതി കൊച്ചി മഹാരാജാവ് പുറപ്പെടുവിച്ച വിളംബരവും ആ വിളംബര പ്രകാരം പുറപ്പെടുവിച്ച ഭരണ നിർവ്വഹണ പദ്ധതിയും പ്രകാരം ദേവസ്വത്തിന്റെ ഭരണ നിർവ്വഹണം, നിയന്ത്രണം, നടത്തിപ്പ് ഇവ തച്ചുടയ കൈമളിൽ നിക്ഷിപ്തമായിരിക്കുന്നതിനാലും;

തച്ചുടയ കൈമളുടെ ഭരണവും നടത്തിപ്പുംമൂലം ദേവസ്വം ക്ഷയിച്ചു പോയതിനാലും, പൊതുജന താല്പര്യാർത്ഥം ദേവസ്വത്തിന്റെ ഭരണ നിർവ്വഹണ പദ്ധതി പുനരാവിഷ്ക്കരിക്കരിക്കേണ്ടത് അത്യാവശ്യവുമാക്കിത്തീർത്ത ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാലും;

ദേവസ്വത്തിന് മെച്ചപ്പെട്ട ഒരു ഭരണ സംവിധാനം ഉണ്ടാക്കുന്നതിനായി അതിന് ബാധകമായ എല്ലാ മുൻ നിയമങ്ങളും സംവിധാനങ്ങളും മറികടന്നുകൊണ്ട് 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് നിയമമാക്കിയതിനാലും;

1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിലെ വ്യവസ്ഥകൾ സാരാംശത്തിൽ 1971-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിലെ വ്യവസ്ഥകളെപ്പോലെ ആണെന്ന കാരണത്താൽ പ്രസ്തുത ആക്റ്റും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളും അധികാരസീമയെ ലംഘിക്കുന്നതും അസാധുവും നിയമവിരുദ്ധവുമായി പ്രഖ്യാപിക്കണമെന്നും മുഴുവനായും തള്ളിക്കളയണമെന്നും അപേക്ഷിച്ചുകൊണ്ട് കേരള ഹൈക്കോടതി

* 2007 ജനുവരി 10–ാം തീയതി പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 2007 ജനുവരി 23–ാം തീയതിയിലെ 133–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

മുൻപാകെ 1986-ലെ 2182-ാം നമ്പർ ഒറിജിനൽ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതിനാലും;

കേരള ഹൈക്കോടതി 1973-ലെ 314-ാം നമ്പർ ഒറിജിനൽ പെറ്റീഷനിലെ, അതിന്റെ വിധിന്യായത്തിൽ, 1971-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിലെ പ്രവർത്തകമായ ഭാഗങ്ങളെ അവ ഇൻഡ്യൻ ഭരണഘടനയിലെ 25-ഉം 26-ഉം അനുച്ഛേദങ്ങളുടെ ലംഘനങ്ങളാണെന്ന കാരണത്താൽ തള്ളിക്കളഞ്ഞിരിക്കുന്നതിനാലും;

മെച്ചപ്പെട്ട ഭരണത്തിനും നിയന്ത്രണത്തിനും കാര്യനിർവ്വഹണത്തിനുമായി 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് ഉണ്ടാക്കാനിടയായ അതേ സ്ഥിതിവിശേഷം പ്രസ്തുത ആക്റ്റ് കോടതി തള്ളിക്കളഞ്ഞാൽ ഉണ്ടാകാനിടയുണ്ടെന്ന് അനുമാനിക്കുന്നതിനാലും;

1978-ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിന്റെ സാധുത കേരള ഹൈക്കോടതി അതിന്റെ 1984-ലെ 7592-ാം നമ്പർ ഒറിജിനൽ പെറ്റീഷന്റെ വിധിന്യായത്തിൽ നിലനിർത്തിയതിന്റെ വെളിച്ചത്തിൽ പൊതുജനങ്ങളുടേയും ക്ഷേത്രാരാധകരുടേയും താൽപര്യാർത്ഥം ദേവസ്വത്തിനനുയോജ്യമായ ഭരണനിർവ്വഹണത്തിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമം ഗുരുവായൂർ ദേവസ്വം ആക്റ്റിന്റെ അതേ മാതൃകയിൽ ഉണ്ടാക്കാൻ തീരുമാനിച്ചതിനാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:

അദ്ധ്യായം 1

പ്രാരംഭം

1. ചുരുക്കപ്പേരും ആരംഭവും.—ഈ ആക്റ്റിന് 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഡ്മിനിസ്ട്രേറ്റർ" എന്നാൽ 14-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(ബി) "കമ്മീഷണർ" എന്നാൽ സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കമ്മീഷണറായി നിയമിക്കുന്ന ഗവൺമെന്റ്

സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഹിന്ദുമതവിശ്വാസിയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആളുമായ ഒരുദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(സി) "കമ്മിറ്റി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു ;

(ഡി) "കോടതി" എന്നാൽ ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്ത് അധികാരികതയുള്ള ജില്ലാകോടതി എന്നർത്ഥമാകുന്നു;

(ഇ) "ദേവസ്വം" എന്നാൽ ക്ഷേത്രം എന്നർത്ഥമാകുന്നതും അതിൽ അതിന്റെ വസ്തുവകകളും ദാനസ്വത്തുക്കളും അതിനോട് ബന്ധപ്പെട്ട ഉപക്ഷേത്രങ്ങളും ഉൾപ്പെടുന്നതും ആകുന്നു;

(എഫ്) "ഹിന്ദു" എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള ആളോ, മതപരമായി ഹിന്ദുമതത്തിലെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാളോ എന്നർത്ഥമാകുന്നു;

(ജി) "ക്ഷേത്രത്തിൽ താല്പര്യമുള്ളയാൾ" എന്നാൽ ക്ഷേത്ര ആരാധനയോ കഴകമോ നടത്തുന്നതിന് അവകാശം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുന്ന സ്വഭാവക്കാരനായിരിക്കുകയോ അല്ലെങ്കിൽ അവിടത്തെ പ്രസാദ വിതരണത്തിന്റെ ഗുണാനുഭവത്തിന് അവകാശിയായിരിക്കുകയോ അല്ലെങ്കിൽ അതിൽ പങ്കെടുക്കുന്ന സ്വഭാവക്കാരനായിരിക്കുകയോ ചെയ്യുന്ന ഒരു ആൾ എന്നർത്ഥമാകുന്നു;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഐ) "ക്ഷേത്രം" എന്നാൽ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം എന്നർത്ഥമാകുന്നു;

(ജെ) "പട്ടികജാതി" "പട്ടികവർഗ്ഗം" എന്നീ പ്രയോഗങ്ങൾക്ക് അവയ്ക്ക് യഥാക്രമം ഇൻഡ്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം II

കമ്മിറ്റി

3. ഏകാംഗീകരണം.—(1) ദേവസ്വത്തിന്റെ ഭരണവും, നിയന്ത്രണവും നടത്തിപ്പും ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) കമ്മിറ്റി "കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്ന പേരിൽ ഒരു ഏകാംഗനികായമായിരിക്കുന്നതും അതിന് ശാശ്വതമായ പിന്തുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ അഡ്മിനിസ്ട്രേറ്റർ മുഖേന വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

4. കമ്മിറ്റിയുടെ ഘടന.—(1) കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ക്ഷേത്രത്തിലെ തന്ത്രിമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, എക്സ്-ഒഫീഷ്യോ;

(ബി) മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന ദേവസ്വം ജീവനക്കാരിൽനിന്നുള്ള ഒരു പ്രതിനിധി;

(സി) ക്ഷേത്രത്തിൽ താൽപര്യമുള്ള ആളുകളിൽനിന്നും മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത ആളുകൾ, അവരിൽ ഒരാൾ പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ ആയിരിക്കേണ്ടതാണ്.

(2) ഒരാൾ,—

(i) അയാൾ തൊട്ടുകൂടായ്മയിൽ വിശ്വസിക്കുകയോ, ഹിന്ദുമത വിശ്വാസി അല്ലാതിരിക്കുകയോ ക്ഷേത്രാരാധനയിൽ വിശ്വസിക്കാതിരിക്കുകയോ; അല്ലെങ്കിൽ

(ii) അയാൾ സർക്കാരിന്റെയോ അല്ലെങ്കിൽ ദേവസ്വത്തിന്റെയോ കീഴിൽ ഒരു ജീവനക്കാരനായിരിക്കുകയോ; അല്ലെങ്കിൽ

(iii) അയാൾക്ക് പ്രായം മുപ്പതുവയസ്സിൽ കുറവായിരിക്കുകയോ; അല്ലെങ്കിൽ

(iv) അയാൾ ദേവസ്വവുമായി നിലവിലിരിക്കുന്ന ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(v) അയാൾ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (എ)-യും, (ബി)-യും, (സി)-യും ഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായിരിക്കുകയാണെങ്കിൽ,

(1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) കമ്മിറ്റി അംഗങ്ങൾ, അതിന്റെ ആദ്യ യോഗത്തിൽ വച്ച്, അവരിൽ ഒരാളെ അതിന്റെ ചെയർമാനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) കമ്മിറ്റിയിലെ ഓരോ അംഗവും താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് കമ്മീഷണറുടെ മുമ്പാകെ താഴെ പറയുന്ന വിധത്തിൽ ഒരു സത്യപ്രതിജ്ഞ എഴുതി ഒപ്പിട്ടു നൽകേണ്ടതാണ്, അതായത്:—

"................................... എന്ന ഞാൻ ഹിന്ദുമത വിശ്വാസി യാണെന്നും ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്നുവെന്നും തൊട്ടുകൂടായ്മയിൽ വിശ്വസിക്കുന്നില്ല എന്നും ഈശ്വര നാമത്തിൽ, പ്രതിജ്ഞ ചെയ്തുകൊള്ളുന്നു."

5. <u>അനൗദ്യോഗിക അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും അങ്ങനെയുള്ള അംഗങ്ങളുടെ രാജിയും നീക്കം ചെയ്യലും, അവരുടെ സ്ഥാനത്ത് ഉണ്ടാകുന്ന ആകസ്മിക ഒഴിവുകളും.</u>—(1) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷത്തേക്ക് സ്ഥാനം വഹിക്കേണ്ടതും വീണ്ടും നാമ നിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന ഒരംഗത്തിന്, സർക്കാരിന്, രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട്, തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതും, അദ്ദേഹത്തിന്റെ രാജി സർക്കാർ സ്വീകരിക്കുമ്പോൾ അദ്ദേഹം ഒരംഗമല്ലാതായി തീരുന്നതുമാണ്.

(3) സർക്കാരിന്, ഉത്തരവുമൂലം, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരംഗത്തെ,—

(എ) അയാൾ ചിത്തഭ്രമമുള്ളവനായിരിക്കുകയും അധികാരമുള്ള കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുമ്പോഴോ; അല്ലെങ്കിൽ

(ബി) ഒരു നിർദ്ധനനായി തീർപ്പു കൽപ്പിക്കുവാൻ അദ്ദേഹം അപേക്ഷിച്ചിരിക്കുകയോ അല്ലെങ്കിൽ അയാൾ ഒരു അവിമുക്ത നിർദ്ധന നായിരിക്കുകയോ ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(സി) അസാൻമാർഗ്ഗിക പ്രവർത്തികൾ ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് അയാൾ ശിക്ഷിക്കപ്പെട്ടിരിക്കുമ്പോഴോ; അല്ലെങ്കിൽ

(ഡി) അയാൾ ദേവസ്വത്തിന്റെ ഭരണത്തിൽ അഴിമതിക്കാരനോ ദുർനടപടിക്കാരനോ ആണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടിരിക്കുമ്പോഴോമ്പോഴോ; അല്ലെങ്കിൽ

(ഇ) അയാൾ കമ്മിറ്റിയുടെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുകയും അപ്രകാരം ഹാജരാകാതിരിക്കുന്നതിന് കമ്മിറ്റിക്ക് ബോദ്ധ്യമാകുംവിധം വിശദീകരണം നൽകാൻ അയാൾക്ക് കഴിയാതിരിക്കുകയും ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(എഫ്) അയാൾ കമ്മിറ്റിയിലെ ഒരംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടതിനുശേഷം ഒരു അഭിഭാഷകനെന്ന നിലയിൽ ഏതെങ്കിലും നിയമനടപടികളിൽ ദേവസ്വത്തിനെതിരായി പ്രവർത്തിക്കുകയോ ഏതെങ്കിലും ആൾക്കുവേണ്ടി ദേവസ്വത്തിന്റെ താൽപ്പര്യങ്ങൾക്കെതിരെ ഹാജരാകുകയോ ചെയ്തിട്ടുണ്ടെങ്കിലോ; അല്ലെങ്കിൽ

(ജി) അയാൾ ഹിന്ദുമത വിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായിത്തീരുകയോ ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(എച്ച്) അയാൾ തൊട്ടുകൂടായ്മയെ അനുകൂലിക്കുന്നതായ ഏതെങ്കിലും കൃത്യം ചെയ്തിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ പ്രസ്തുത കൃത്യം സംബന്ധിച്ചുള്ള ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനെ പ്രോൽസാഹിപ്പിച്ചിട്ടുണ്ടെങ്കിലോ,

തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യാവുന്നതാണ്.

(4) തന്നെ നീക്കംചെയ്യുന്നതിനെതിരായി കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ (3)-ാം ഉപവകുപ്പ് പ്രകാരം ഒരു അംഗത്തെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) (3)-ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരംഗത്തിന്, നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് അയാൾ കൈപ്പറ്റിയ തീയതി മുതൽ ഒരു മാസത്തിനകം, ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(6) ആകസ്മികമായി ഉണ്ടായ ഒരു ഒഴിവ് നികത്തുന്നതിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്റെ ഉദ്യോഗ കാലാവധി, ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന് ആ ഒഴിവ് ഉണ്ടാകാതിരുന്നുവെങ്കിൽ എത്രകാലം ആ സ്ഥാനം വഹിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുമായിരുന്നോ, അത്രയും കാലത്തേക്കായിരിക്കുന്നതാണ്.

6. <u>കമ്മിറ്റിയുടെ ഉല്ലംഘനം</u>.—(1) ഈ ആക്റ്റ് പ്രകാരം കമ്മിറ്റി അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമല്ലാതാകുകയോ, അവ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അതിന്റെ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുകയോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾക്കതീതമായി പ്രവർത്തിക്കുകയോ ചെയ്തുവെന്ന്, സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന് ആവശ്യമായ അന്വേഷണത്തിനുശേഷം ഗസറ്റ് വിജ്ഞാപനംവഴി, കമ്മിറ്റിയെ ഉല്ലംഘനം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ്, ഏത് കാരണത്തിൻമേലാണ് സർക്കാർ അപ്രകാരം ചെയ്യാനുദ്ദേശിക്കുന്നതെന്ന്, കമ്മിറ്റിയെ അറിയിക്കേണ്ടതും തങ്ങളുടെ നിർദ്ദേശത്തിനെതിരായി കാരണം കാണിക്കുന്നതിന് കമ്മിറ്റിക്ക് ന്യായമായ ഒരു സമയം നിശ്ചയിച്ച് നൽകേണ്ടതും കമ്മിറ്റിക്ക് വിശദീകരണങ്ങളോ ആക്ഷേപങ്ങളോ ഏതെങ്കിലുമുള്ള പക്ഷം അവ പരിഗണിക്കേണ്ടതുമാണ്.

(3) കമ്മിറ്റിയിലെ, ഏതൊരംഗത്തിനും, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തീയതി മുതൽ ഒരു മാസത്തിനകം, വിജ്ഞാപനം അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം, ഒരു കമ്മിറ്റിയെ ഉല്ലംഘനം ചെയ്തിരിക്കുന്നിടത്ത്, അപ്രകാരമുള്ള കാലാവധി കഴിയുന്നതുവരെ കമ്മീഷണർ കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

എന്നാൽ, ഒരു കമ്മിറ്റി ഉല്ലംഘനം ചെയ്യപ്പെട്ട കാലയളവിൽ, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡമോ (സി) ഖണ്ഡമോ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന്റെ പരമാവധി ഉദ്യോഗ കാലാവധി മൂന്ന് വർഷത്തിലധികം നീട്ടിക്കൊടുക്കുന്ന ഫലമുണ്ടാകുന്നതല്ല.

7. <u>കമ്മിറ്റി യോഗങ്ങൾ</u>.—(1) കമ്മിറ്റിയുടെ കാര്യനിർവ്വഹണത്തിനായി ഇരിങ്ങാലക്കുടയിൽ കമ്മിറ്റി നിശ്ചയിക്കാവുന്ന സ്ഥലത്തോ, സ്ഥലങ്ങളിലോ അതിന്റെ ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

(2) കമ്മിറ്റിയുടെ ഓരോ യോഗത്തിലും ചെയർമാൻ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ആ ആവശ്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) കമ്മിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ, കുറഞ്ഞപക്ഷം, അതിലെ മൂന്നംഗങ്ങളെങ്കിലും ഹാജരില്ലാത്തപക്ഷം, യാതൊരു കാര്യവും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാകുന്നു.

(4) കമ്മിറ്റി യോഗങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അവിടെ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുമൂലം തീരുമാനിക്കേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ ചെയർമാനോ അല്ലെങ്കിൽ ആദ്ധ്യക്ഷം വഹിക്കുന്ന ആളിനോ ഒരു നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും അദ്ദേഹം അത് വിനിയോഗിക്കേണ്ടതുമാണ്.

8. കമ്മിറ്റിയുടെ പ്രവൃത്തികളോ നടപടികളോ അസാധുവാക്കാൻ പാടില്ലെന്ന്.—കമ്മിറ്റിയുടെ ഏതെങ്കിലും പ്രവൃത്തിയോ നടപടിയോ,—

(എ) കമ്മിറ്റിയിലെ ഏതെങ്കിലും ഒഴിവോ, കമ്മിറ്റിയുടെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനതയോ കാരണമോ;

(ബി) കമ്മിറ്റിയുടെ ചെയർമാനായോ അംഗമായോ പ്രവർത്തിക്കുന്ന ഒരാളിന്റെ തെരഞ്ഞെടുപ്പിലോ നാമനിർദ്ദേശത്തിലോ ഉള്ള ഏതെങ്കിലും ന്യൂനത കാരണമോ; അല്ലെങ്കിൽ

(സി) സംഗതിയുടെ ഗുണദോഷങ്ങളെ ബാധിക്കാത്ത കമ്മിറ്റിയുടെ നടപടി ക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേട് കാരണമോ;

അസാധുവാക്കാൻ പാടുള്ളതല്ല.

9. ചെയർമാന്റെയും അംഗങ്ങളുടെയും വേതനം.—കമ്മിറ്റിയിലെ ഒരംഗത്തിനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതെങ്കിലും യാത്രാബത്തയോ ദിനബത്തയോ ഒഴികെ ശമ്പളമോ മറ്റ് തരത്തിലുള്ള പ്രതിഫലങ്ങളോ സ്വീകരിക്കുവാനോ നൽകുവാനോ പാടില്ലാത്തതാകുന്നു.

10. കമ്മിറ്റിയുടെ കർത്തവ്യങ്ങൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി,—

(എ) 20-ാം വകുപ്പുപ്രകാരം ക്ഷേത്രങ്ങൾക്കും ഉപ ക്ഷേത്രങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള പതിവിനോ ചെലവ് നിരക്കിനോ അനുസൃതമായോ അല്ലെങ്കിൽ ആ വകുപ്പുപ്രകാരം പതിവോ ചെലവ് നിരക്കോ നിശ്ചയിക്കപ്പെടുന്നതുവരെ 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റിലെ (1971-ലെ 7) 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള പതിവിനും ചെലവു നിരക്കിനും അനുസൃതമായോ, ക്ഷേത്രാചാരങ്ങൾക്കും മര്യാദകൾക്കും വിധേയമായി, ക്ഷേത്രങ്ങളിലേയും അതിനോടനുബന്ധിച്ചുള്ള ഉപക്ഷേത്രങ്ങളിലേ യും ആരാധനാക്രമങ്ങളും അനുഷ്ഠാനങ്ങളും ശരിയായ രീതിയിൽ നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക;

(ബി) ഭക്തജനങ്ങൾക്ക് ശരിയായ രീതിയിൽ ആരാധന നടത്തുന്നതിന് വേണ്ട സൗകര്യങ്ങൾ നൽകുക;

(സി) ഫണ്ടുകൾ, വിലപിടിപ്പുള്ള സെക്യൂരിറ്റികൾ, ആഭരണങ്ങൾ എന്നിവയുടെ സുരക്ഷിതമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുകയും ക്ഷേത്രത്തിൽ നിക്ഷിപ്തമായ വസ്തുക്കൾ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക;

(ഡി) ക്ഷേത്രത്തിലും അതിനോട് ചേർന്നുള്ള ഉപക്ഷേത്രത്തിലും ചിട്ടയും അച്ചടക്കവും നല്ല ആരോഗ്യകരമായ സാഹചര്യങ്ങളും, അതുപോലെതന്നെ, ക്ഷേത്രത്തിനകത്ത് ചെയ്യുന്ന വഴിപാടുകൾക്ക് ശരിയായ നിലവാരത്തിലുള്ള വൃത്തിയും ശുദ്ധിയും ഉറപ്പുവരുത്തുക;

(ഇ) ദാനകർത്താക്കളുടെ അറിയാവുന്ന ആഗ്രഹങ്ങൾക്കനുസൃതമായി ക്ഷേത്രത്തിലെ ദാനവസ്തുക്കൾ സംബന്ധിച്ച ഫണ്ടുകൾ ചെലവാക്കുന്ന കാര്യം ഉറപ്പു വരുത്തുക;

(എഫ്) ദേവസ്വത്തിന്റെ ശമ്പളം പറ്റുന്ന ജീവനക്കാർക്ക് അനുയോജ്യമായ പ്രതിഫലം നൽകുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുക;

(ജി) ദേവസ്വത്തിന്റെ കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ഭക്തജനങ്ങളുടെ സൗകര്യത്തിനും ആനുഷംഗികവും സഹായകവുമായ എല്ലാ കാര്യങ്ങളും ചെയ്യുക;

എന്നിവ കമ്മിറ്റിയുടെ കർത്തവ്യങ്ങളായിരിക്കുന്നതാണ്.

11. ദേവസ്വം വക വസ്തുക്കൾ അന്യാധീനപ്പെടുത്തൽ.—(1) കമ്മിറ്റിയുടെ കൈവശമുള്ളതും അയ്യായിരം രൂപയിൽ കൂടുതൽ വില വരുന്നതും നശ്വര സ്വഭാവത്തോടു കൂടിയതല്ലാത്തതുമായ യാതൊരു ജംഗമ വസ്തുവും യാതൊരു ആഭരണങ്ങളും ദേവസ്വത്തിന് ആവശ്യമാണെന്നോ ഗുണകരമാണെന്നോ ഉള്ള കാരണത്താൽ, കമ്മീഷണർ അനുമതി നൽകാത്തപക്ഷം, വിൽക്കുകയോ പണയപ്പെടുത്തുകയോ മറ്റു വിധത്തിൽ അന്യാധീനപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ദേവസ്വത്തിന്റെ വകയായതോ അഥവാ ദേവസ്വത്തിന്റെ ആവശ്യങ്ങൾക്കായി നൽകപ്പെട്ടതോ ദാനം ചെയ്യപ്പെട്ടതോ ആയ സ്ഥാവര വസ്തുവിന്റെ ഏതെങ്കിലും കൈമാറ്റമോ, വിൽപ്പനയോ, പണയമോ, പാട്ടമോ ആയത് ദേവസ്വത്തിന് ആവശ്യമാണെന്നോ ഗുണകരമാണെന്നോ ഉള്ള കാരണത്താൽ, കമ്മീഷണർ അനുമതി നൽകാത്തപക്ഷം, റദ്ദാക്കുകയും അസാധുവായി തീരുകയും ചെയ്യുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ അനുമതി നൽകുന്നതിനു മുൻപായി, കമ്മീഷണർ നിർദ്ദിഷ്ട ഇടപാടിനെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, അതേക്കുറിച്ചുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തേണ്ടതും, കമ്മിറ്റിയിൽനിന്നോ ക്ഷേത്രത്തിൽ താല്പര്യം ഉള്ള മറ്റാളുകളിൽനിന്നോ ലഭിക്കുന്ന എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും യഥാവിധി പരിഗണിക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമോ (2)-ാം ഉപവകുപ്പ് പ്രകാരമോ അനുമതി നൽകുമ്പോൾ, കമ്മീഷണർക്ക് ആ ഇടപാടുമൂലം ലഭിക്കുന്ന തുകയുടെ വിനിയോഗവും നിക്ഷേപവും സംബന്ധിച്ചും ഒരു പണയത്തിന്റെ കാര്യത്തിലാണെങ്കിൽ ന്യായമായ ഒരു കാലയളവിനുള്ളിൽ അത് ഒഴിപ്പിക്കുന്നത് സംബന്ധിച്ചും ആവശ്യമെന്ന് കമ്മീഷണർക്ക് തോന്നുന്ന നിബന്ധനകൾ ചുമത്താവുന്നതും നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

(5) ഈ വകുപ്പുപ്രകാരം കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ ഓരോ പകർപ്പുവീതം സർക്കാരിനും കമ്മിറ്റിക്കും അയച്ചുകൊടുക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(6) കമ്മിറ്റിക്ക് ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്നുമാസത്തിനകവും ക്ഷേത്രത്തിൽ താല്പര്യമുള്ള ഏതൊരാളിനും ഉത്തരവ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മൂന്ന് മാസത്തിനകവും ഉത്തരവ്, ഭേദഗതി ചെയ്യുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ വേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

(7) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേവസ്വത്തിന് സ്വന്തമായുള്ള പുരാവസ്തുക്കൾ ഒന്നുംതന്നെ വിൽക്കാനോ, പണയപ്പെടുത്താനോ, മറ്റു വിധത്തിൽ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

വിശദീകരണം:— ഈ ഉപവകുപ്പിന്റെ ആവശ്യാർത്ഥം "പുരാവസ്തു" എന്നതിന് 1972-ലെ പുരാവസ്തുക്കളും അമൂല്യകലാവസ്തുക്കളും ആക്റ്റി (1972-ലെ 52-ാം കേന്ദ്ര ആക്റ്റ്)-ലെ അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

12. കടം വാങ്ങുന്നതിനും കടം നൽകുന്നതിനുമുള്ള അധികാരങ്ങളുടെ പരിമിതി.—(1) ദേവസ്വത്തിന് ആവശ്യമായതോ അല്ലെങ്കിൽ ഗുണകരമായതോ ആണെന്ന കാരണത്താൽ, കമ്മീഷണർ അനുമതി നൽകാത്തപക്ഷം കമ്മിറ്റിക്ക് ഏതെങ്കിലും ആളിൽ നിന്നും പണം കടം വാങ്ങുന്നതിനോ, അഥവാ പണം കടം കൊടുക്കുന്നതിനോ യാതൊരധികാരവും ഉണ്ടായിരിക്കുന്നതല്ല.

(2) അപ്രകാരം നിരസിക്കുന്നതിനെതിരായി നിവേദനം നൽകാൻ കമ്മിറ്റിക്ക് ഒരവസരം നൽകാത്തപക്ഷം കമ്മീഷണർ, (1)-ാം ഉപവകുപ്പുപ്രകാരം അനുമതി നിഷേധിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരം അനുമതി നിഷേധിക്കുന്നിടത്ത്, കമ്മിറ്റിക്ക്, കമ്മീഷണറുടെ തീരുമാനം ലഭിച്ച തീയതി മുതൽ മൂന്നു മാസത്തിനകം, ആ തീരുമാനം അസ്ഥിരപ്പെടുത്തുന്നതിനായി കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

13. ഭരണ നിർവ്വഹണ റിപ്പോർട്ട്.—(1) കമ്മിറ്റി വർഷം തോറും, നിർണ്ണയിക്കപ്പെടാവുന്ന സമയത്ത്, ദേവസ്വത്തിന്റെ ഭരണ നിർവ്വഹണത്തെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട്, കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും, നിർണ്ണയിക്കപ്പെട്ട രീതിയിൽ കമ്മിറ്റി ആ റിപ്പോർട്ട് ഉടൻതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(2) കമ്മീഷണർ, (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിന് സമർപ്പിക്കേണ്ടതും, സർക്കാർ ആ റിപ്പോർട്ട് കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതുമാണ്.

അദ്ധ്യായം III

ഭരണനിർവ്വഹണവും സ്ഥാപന വിഭാഗവും

14. അഡ്മിനിസ്ട്രേറ്ററുടെ നിയമനം.—(1) കമ്മിറ്റി, സർക്കാർ നൽകുന്ന പേരുകളടങ്ങിയ പാനലിൽ നിന്നും അണ്ടർ സെക്രട്ടറിയുടെയോ ഡെപ്യൂട്ടി കളക്ടറുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥനെ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കേണ്ടതാണ്.

(2) യാതൊരാളെയും, അദ്ദേഹം ഹിന്ദുമതവിശ്വാസി ആയിരിക്കുകയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുകയും ചെയ്യാത്തപക്ഷം, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കാൻ………… പാടില്ലാത്തതാകുന്നു.

(3) 1971-ലെ കൂടൽ മാണിക്യം ദേവസ്വം ആക്ട് (1971-ലെ 7) പ്രകാരം നിയമിക്കപ്പെടുകയും ഈ ആക്ടിന്റെ ആരംഭ സമയത്ത് ഉദ്യോഗം വഹിക്കുകയും ചെയ്യുന്ന അഡ്മിനിസ്ട്രേറ്റർ, (1)-ാം ഉപവകുപ്പുപ്രകാരം ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതുവരെയോ, അങ്ങനെയുള്ള ആരംഭം മുതൽ മൂന്ന് മാസക്കാലയളവ് അവസാനിക്കുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം വരുന്നത്, അതുവരെ, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു അഡ്മിനിസ്ട്രേറ്ററായി കരുതപ്പെടേണ്ടതാണ്.

15. <u>അഡ്മിനിസ്ട്രേറ്ററുടെ സേവന വ്യവസ്ഥകൾ</u>.—(1) അഡ്മിനിസ്ട്രേറ്റർ ദേവസ്വത്തിന്റെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും കമ്മിറ്റിയുടെ അനുമതി കൂടാതെ തന്റെ ഉദ്യോഗവുമായി ബന്ധമില്ലാത്ത ജോലികൾ ഏറ്റെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

(2) കമ്മിറ്റിയുടെ സമ്മതത്തോടുകൂടി ഈ ആവശ്യാർത്ഥം സർക്കാർ നിശ്ചയിക്കാവുന്ന ശമ്പളവും അലവൻസുകളും ദേവസ്വം ഫണ്ടിൽനിന്നും അഡ്മിനിസ്ട്രേറ്റർക്ക് നൽകേണ്ടതാണ്.

(3) അഡ്മിനിസ്ട്രേറ്ററുടെ ലീവ് അലവൻസുകൾ, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്കായി, തൽസമയം പ്രാബല്യത്തിലുള്ള ചട്ടങ്ങൾ ആവശ്യപ്പെടുന്നിടത്തോളം അംശദായം ദേവസ്വം ഫണ്ടിൽ നിന്നും ഈടാക്കേണ്ടതാണ്.

(4) കമ്മിറ്റിയിലെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ രണ്ടിൽ കുറയാത്ത ഭൂരിപക്ഷത്തോടുകൂടി അഡ്മിനിസ്ട്രേറ്ററെ ഉദ്യോഗത്തിൽ നിന്നും തിരിച്ചു വിളിക്കണമെന്ന് ശുപാർശ ചെയ്യുന്ന ഒരു പ്രമേയം കമ്മിറ്റി പാസ്സാക്കുകയാണെങ്കിൽ, സർക്കാർ, അഡ്മിനിസ്ട്രേറ്ററെ ഉദ്യോഗത്തിൽ നിന്നും തിരിച്ചു വിളിക്കേണ്ടതാണ്.

(5) 1-ഉം 2-ഉം 3-ഉം 4-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അഡ്മിനിസ്ട്രേറ്ററുടെ സേവന വ്യവസ്ഥകൾ, ഈ ആവശ്യാർത്ഥം ഉണ്ടാക്കപ്പെടുന്ന റെഗുലേഷനുകൾമൂലം കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

16. <u>അഡ്മിനിസ്ട്രേറ്ററുടെ സ്ഥാനം വഹിക്കുന്നതിനുള്ള അധിക ചുമതല</u>.—(1) 14-ഉം 15-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ എന്തുതന്നെയായാലും, 14-ാം വകുപ്പ് പ്രകാരമുള്ള അഡ്മിനിസ്ട്രേറ്ററുടെ നിയമനം നടക്കുന്നതുവരെയോ അല്ലെങ്കിൽ ആ സ്ഥാനം താൽക്കാലികമായി ഒഴിഞ്ഞുകിടക്കുമ്പോഴോ, സർക്കാരിന്, അണ്ടർ സെക്രട്ടറിയുടെയോ, ഡെപ്യൂട്ടി കളക്ടറുടെയോ പദവിയിൽ താഴെയല്ലാത്ത ഒരു സർക്കാർ ഉദ്യോഗസ്ഥനെ അഡ്മിനിസ്ട്രേറ്ററുടെ അധിക ചുമതല വഹിക്കുന്നതിനായി നിയമിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള അധിക ചുമതലയുടെ കാലാവധി മൂന്ന് മാസത്തിൽ കവിയാൻ പാടില്ലാത്തതാകുന്നു;

(2) (1)-ാം ഉപവകുപ്പ് പ്രകാരം യാതൊരാളെയും, അയാൾ ഹിന്ദുമതവിശ്വാസി ആയിരിക്കുകയും ക്ഷേത്രാരാധനയിൽ വിശ്വസിക്കുകയും ചെയ്യാത്തപക്ഷം, നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ അധിക ചുമതല വഹിക്കുന്നതിന് നിയമിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥന്, സർക്കാർ, ഈ ആവശ്യാർത്ഥം നിശ്ചയിക്കാവുന്ന പ്രകാരമുള്ള ബത്തകൾ നൽകേണ്ടതാണ്.

17. അഡ്മിനിസ്ട്രേറ്ററുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) അഡ്മിനിസ്ട്രേറ്റർ, കമ്മിറ്റിയുടെ സെക്രട്ടറിയും അതിന്റെ മുഖ്യകാര്യ നിർവ്വഹണോദ്യോഗസ്ഥനു മായിരിക്കുന്നതും, കമ്മിറ്റിയുടെ നിയന്ത്രണത്തിന് വിധേയമായി അതിന്റെ തീരുമാനങ്ങൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി നടപ്പാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(2) ക്ഷേത്രത്തിലർപ്പിക്കുന്ന കാണിക്കകൾ യഥാവിധി ശേഖരിക്കുന്നതിനും വരവ് വയ്ക്കുന്നതിനും അഡ്മിനിസ്ട്രേറ്റർ ഏർപ്പാട് ചെയ്യേണ്ടതാണ്.

(3) കമ്മിറ്റിയുടെ രണ്ട് സമ്മേളനങ്ങൾക്കിടയിലെ ഇടവേളയിലുണ്ടാകുന്ന യാദൃശ്ചിക ചെലവുകൾ നേരിടുന്നതിനായി അയ്യായിരം രൂപയിൽ കവിയാത്ത തുക ചെലവഴിക്കാൻ അഡ്മിനിസ്ട്രേറ്റർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. സ്ഥാപക വിഭാഗ പട്ടിക.—(1) അഡ്മിനിസ്ട്രേറ്റർക്ക്, ഈ ആക്റ്റ് നടപ്പിലായതിനുശേഷം കഴിയുന്നത്രവേഗം, തന്റെ അഭിപ്രായത്തിൽ ക്ഷേത്രത്തിന്റെ സ്ഥാപന വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും കർത്തവ്യങ്ങളും, ഉദ്യോഗപ്പേരുകളും ഗ്രേഡുകളും, അവർക്ക് നൽകേണ്ട ശമ്പളവും, അലവൻസുകളും സംബന്ധിച്ച തന്റെ നിർദ്ദേശങ്ങൾ അടങ്ങുന്നതുമായ ഒരു പട്ടിക തയ്യാറാക്കി കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്.

(2) കമ്മിറ്റി, (1)-ാം ഉപവകുപ്പുപ്രകാരം അതിന് സമർപ്പിക്കപ്പെട്ട പട്ടിക, അതിൻമേലുള്ള തന്റെ ശുപാർശ സഹിതം അംഗീകാരത്തിനായി കമ്മീഷണർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(3) കമ്മീഷണർ, കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ചശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഭേദഗതികളോട് കൂടിയോ അല്ലാതെയോ പട്ടിക അംഗീകരിക്കേണ്ടതും, അതിനുശേഷം കമ്മീഷണർ അംഗീകരിച്ച പ്രകാരമുള്ള പട്ടിക പ്രാബല്യത്തിൽ വരുന്നതുമാണ്.

(4) കമ്മീഷണറുടെ അംഗീകാരത്തോടുകൂടിയല്ലാതെ പട്ടികയിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ലാത്തതാണ്.

(5) കമ്മിറ്റി, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുപ്രകാരം നിർദ്ദേശിക്കുന്ന ഒഴിവാക്കലുകൾക്ക് വിധേയമായി, ഈ ആക്ടിന്റെ ആരംഭത്തിന് തൊട്ടുമുൻപ് ദേവസ്വത്തിന്റെ സേവനത്തിലിരുന്ന ദേവസ്വം ഉദ്യോഗസ്ഥൻമാരും

ജീവനക്കാരും അപ്രകാരം തന്നെ തുടരേണ്ടതും അവരുടെ സേവനവ്യവസ്ഥകൾ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന റെഗുലേഷനുകളാൽ തീരുമാനിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതുമാണ്.

(6) ഹിന്ദുമതവിശ്വാസി അല്ലാതിരിക്കുകയും ക്ഷേത്രാരാധനയിൽ വിശ്വാസമില്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ, ദേവസ്വത്തിലെ ഒരു ഉദ്യാഗസ്ഥനോ അല്ലെങ്കിൽ ജീവനക്കാരനോ ആയി നിയമിക്കപ്പെടുന്നതിന്, അല്ലെങ്കിൽ ആയിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

19. <u>ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം</u>.—(1) ദേവസ്വത്തിലെ എല്ലാ ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം കമ്മിറ്റി നടത്തേണ്ടതാണ്.

(2) ദേവസ്വത്തിലെ ഉദ്യാഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും ഓരോ ഗ്രേഡിലും പ്രവേശന കേഡറിലുള്ള തസ്തികകളുടെ പത്തുശതമാനം പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സംവരണം ചെയ്യേണ്ടതും, അതിൽ അഞ്ചിൽ ഒന്ന് പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യേണ്ടതുമാണ്.

(3) ദേവസ്വത്തിലെ ഉദ്യോഗസ്ഥൻമാരുടെയും മറ്റു ജീവനക്കാരുടെയും തെരഞ്ഞെടുപ്പ്, കമ്മിറ്റി അതിന്റെ അംഗങ്ങളുടെ ഇടയിൽ നിന്നും രൂപീകരിക്കുന്ന സബ് കമ്മിറ്റികൾക്ക് നടത്താവുന്നതാണ്.

എന്നാൽ ക്ഷേത്രത്തിലെ ആരാധനകളുടെയും മറ്റ് ആഘോഷങ്ങളുടെയും ചുമതല വഹിക്കേണ്ടതായ ജീവനക്കാരുടെ തെരഞ്ഞെടുപ്പ് ക്ഷേത്രത്തിലെ തന്ത്രി ഒരംഗമല്ലാത്ത ഏതെങ്കിലും സബ് കമ്മിറ്റി നടത്താൻ പാടില്ലാത്തതാണ്.

(4) 1-ഉം 2-ഉം 3-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ദേവസ്വത്തിലെ ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും തെരഞ്ഞെടുപ്പിനും നിയമനത്തിനുമുള്ള നടപടിക്രമം ഈ ആവശ്യാർത്ഥം ഉണ്ടാക്കപ്പെടുന്ന റെഗുലേഷനുകൾ പ്രകാരം കമ്മിറ്റി തീരുമാനിക്കേണ്ടതാണ്.

20. <u>ചെലവിന്റെ സ്റ്റാൻഡേർഡ് നിരക്കുകൾ നിശ്ചയിക്കൽ</u>.—(1) കമ്മിറ്റി, ദേവസ്വത്തിലെ പതിവ് അഥവാ ചെലവിന്റെ നിരക്കും ദേവസ്വവുമായി ബന്ധപ്പെട്ട വിവിധ ഉദ്ദേശ്യങ്ങൾക്കായി നീക്കിവയ്ക്കേണ്ട തുകയും അല്ലെങ്കിൽ അപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കായി ദേവസ്വത്തിന്റെ വരുമാനമോ മറ്റു വസ്തുക്കളോ ഏതനുപാതത്തിലാണ് വിനിയോഗിക്കേണ്ടതെന്നും നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, അതതു സമയം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

(2) കമ്മിറ്റി അപ്രകാരമുള്ള നിർദ്ദേശങ്ങൾ ദേവസ്വത്തിന്റെ പരിസരത്തും കമ്മീഷണർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള മറ്റ് രീതിയിലും, ക്ഷേത്രകാര്യങ്ങളിൽ താല്പര്യമുള്ള ഏതെങ്കിലും ആൾക്ക് നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഒരു മാസത്തിനകം ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ കമ്മീഷണർക്ക് സമർപ്പിക്കാവുന്ന താണെന്ന് കാണിച്ചുകൊണ്ടുള്ള ഒരു നോട്ടീസോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) അപ്രകാരമുള്ള നിർദ്ദേശങ്ങളുടെയും, ക്ഷേത്ര കാര്യങ്ങളിൽ താല്പര്യമുള്ള ആളുകൾ നൽകിയ ഏതെങ്കിലും ആക്ഷേപങ്ങളുടെയും നിർദ്ദേശങ്ങളുടെയും സൂക്ഷ്മ പരിശോധനയിൻമേൽ ചെലവ് നിരക്കോ അഥവാ ചെലവ് നിരക്കിലെ ഏതെങ്കിലും ഇനമോ ദേവസ്വത്തിന്റെ സ്ഥാപിതമായ വഴക്കിൽ നിന്നും വ്യത്യസ്തമാണെന്നോ അല്ലെങ്കിൽ അതിന്റെ സാമ്പത്തിക സ്ഥിതിമൂലം സാധൂകരിക്കത്തക്കതല്ലെന്നോ കമ്മീഷണർക്ക് തോന്നുകയാണെങ്കിൽ, കമ്മീഷണർക്ക് കമ്മിറ്റിയുടെ അഭിപ്രായങ്ങൾ ആരായാവുന്നതും, അത് പരിഗണിച്ചതിനുശേഷം കമ്മീഷണർക്ക് ചെലവ് നിരക്കിലോ അഥവാ ചെലവ് നിരക്കിലെ ഏതെങ്കിലും ഇനത്തിലോ എന്തെങ്കിലും ഭേദഗതി ആവശ്യമാണെന്ന് അഭിപ്രായമുള്ളപക്ഷം, അദ്ദേഹം അതിൻപ്രകാരം ഉത്തരവ് പാസ്സാക്കേണ്ടതും, അങ്ങനെയുള്ള ഉത്തരവ് (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്തിമമായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷണർ പാസ്സാക്കിയ ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം കമ്മിറ്റിക്ക് ആ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനോ അല്ലെങ്കിൽ അസ്ഥിരപ്പെടുത്തുന്നതിനോ കോടതിയിൽ ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

അദ്ധ്യായം IV

ബഡ്ജറ്റും കണക്കുകളും ആഡിറ്റും

21. ബഡ്ജറ്റ്.—(1) കമ്മിറ്റി, ഓരോ സാമ്പത്തിക വർഷവും മാർച്ച് അവസാനിക്കുന്നതിന് മുമ്പ്, കമ്മീഷണർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഫാറത്തിൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ദേവസ്വത്തിന്റെ വരവുകളുടെയും ചെലവുകളുടെയും ഒരു ബഡ്ജറ്റ് എസ്റ്റിമേറ്റ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഓരോ ബഡ്ജറ്റിലും.—

(എ) തൽസമയം നിലവിലിരിക്കുന്ന പതിവിനും അല്ലെങ്കിൽ ചെലവ് നിരക്കിനും;

(ബി) ദേവസ്വത്തിനെ സംബന്ധിച്ച എല്ലാ ബാദ്ധ്യതകളും യഥാവിധി തീർക്കുന്നതിനും;

(സി) ദേവസ്വവുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും പുതുക്കിപ്പണിയലിനും;

(ഡി) ഒരു വർക്കിംഗ് ബാലൻസ് സൂക്ഷിക്കുന്നതിനും;

മതിയായ വ്യവസ്ഥ ഉണ്ടാകേണ്ടതാണ്.

(3) കമ്മീഷണർക്ക് നിർണ്ണയിക്കപ്പെട്ട വിധത്തിൽ കമ്മിറ്റിക്ക് നോട്ടീസ് നൽകിയതിനുശേഷവും, അതിന്റെ നിവേദനങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവ പരിഗണിച്ചതിനു ശേഷവും, കമ്മീഷണർക്ക് യുക്തമെന്നു തോന്നാവുന്ന പ്രകാരമുള്ള മാറ്റം വരുത്തലുകളോ വിട്ടുകളയലുകളോ കൂട്ടിച്ചേർക്കലുകളോ ബഡ്ജറ്റിൽ വരുത്താവുന്നതാണ്.

(4) കമ്മീഷണർ, അദ്ദേഹം അംഗീകരിച്ച പ്രകാരമുള്ള ബഡ്ജറ്റിന്റെ ഒരു പകർപ്പ് സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

22. <u>പുതുക്കിയ ബഡ്ജറ്റ് അഥവാ സപ്ലിമെന്ററി ബഡ്ജറ്റ്</u>.—ഏതെങ്കിലും വർഷത്തിനിടയിൽ വരവുകളേയോ ചെലവുകളേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിരിക്കുന്ന തുകകളിൽ മാറ്റം വരുത്തേണ്ടതാവശ്യമാണെന്ന് കമ്മിറ്റി കരുതുന്നപക്ഷം, അതിന് ഒരു സപ്ലിമെന്ററി ബഡ്ജറ്റോ അല്ലെങ്കിൽ പുതുക്കിയ ബഡ്ജറ്റോ കമ്മീഷണറുടെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്:

എന്നാൽ, കമ്മീഷണറുടെ സമ്മതത്തോടുകൂടിയല്ലാതെ വർക്കിംഗ് ബാലൻസിൽ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല.

23. <u>കണക്കുകളും ആഡിറ്റും</u>.—(1) കമ്മിറ്റി, എല്ലാ വരവുകളുടെയും ചെലവുകളുടെയും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

(2) ദേവസ്വത്തിന്റെ കണക്കുകൾ സമകാല ആഡിറ്റിന് വിധേയമായിരിക്കുന്നതാണ്. അതായത്, ചെലവ് ചെയ്യുമ്പോഴെല്ലാം ആഡിറ്റും ഉണ്ടായിരിക്കുന്നതാണ്.

(3) ആഡിറ്റ്, നിർണ്ണയിക്കപ്പെട്ട വിധത്തിൽ നിയമിക്കപ്പെട്ട ആഡിറ്റർമാർ ചെയ്യേണ്ടതും, അവരെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന പബ്ലിക് സർവന്റുമാരായി കരുതേണ്ടതുമാണ്.

24. <u>ആഡിറ്റ് റിപ്പോർട്ട് ഏത് അധികാരസ്ഥനാണ് സമർപ്പിക്കേണ്ടതെന്ന്</u>.—തനിക്ക് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും വർഷത്തേയോ അല്ലെങ്കിൽ അതിൽ കുറവായ കാലത്തേയോ അല്ലെങ്കിൽ ഏതെങ്കിലും ഇടപാടിന്റെയോ ഇടപാടുകളുടെ

പരമ്പരയുടെയോ ആഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ആഡിറ്റർ ഒരു റിപ്പോർട്ട് കമ്മീഷണർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

25. ആഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം.—**(1)** ആഡിറ്റർ തന്റെ റിപ്പോർട്ടിൽ ക്രമവിരുദ്ധമായതോ, നിയമവിരുദ്ധമായതോ, അനുചിതമായതോ ആയ എല്ലാ ചെലവുകളും അല്ലെങ്കിൽ ദേവസ്വത്തിന് കിട്ടേണ്ടതായ പണമോ മറ്റ് വസ്തുക്കളോ ഈടാക്കുന്നതിനുള്ള വീഴ്ചയും, അല്ലെങ്കിൽ ഉപേക്ഷയോ നടപടി ദൂഷ്യമോ മൂലം അതിന്റെ പണത്തിനോ മറ്റ് വസ്തുക്കൾക്കോ സംഭവിച്ചിട്ടുള്ള നഷ്ടവും ദുർവ്യയവും വ്യക്തമാക്കിയിരിക്കേണ്ടതാണ്.

(2) ആഡിറ്റർ കണക്കുകളെ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സംഗതികളിൻമേലോ അല്ലെങ്കിൽ ഏത് സംഗതിയിൻമേലാണോ കമ്മീഷണർക്ക് റിപ്പോർട്ട് ആവശ്യപ്പെടാവുന്നത് അപ്രകാരമുള്ള സംഗതികളെ സംബന്ധിച്ചുകൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

26. ആഡിറ്റർ വെളിപ്പെടുത്തിയ ന്യൂനതകൾ പരിഹരിക്കൽ, കമ്മിറ്റിക്ക് എതിരായി സർച്ചാർജ് ഉത്തരവ് മുതലായവ.—**(1)** ഓരോ ആഡിറ്റ് റിപ്പോർട്ടിന്റെയും ഒരു പകർപ്പ് കമ്മീഷണർ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും ആഡിറ്റർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഏതെങ്കിലും ന്യൂനതകളോ ക്രമക്കേടുകളോ പരിഹരിക്കേണ്ടതും അത് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും കമ്മിറ്റിയുടെ കർത്തവ്യമാണ്.

(2) ആഡിറ്ററുടെ റിപ്പോർട്ട്, കമ്മിറ്റിയുടെ റിപ്പോർട്ട് ഏതെങ്കിലും ഉണ്ടെങ്കിൽ അതോടൊപ്പം പരിഗണിച്ചതിനുശേഷം, പണാപഹരണത്തിനോ ദേവസ്വം ഫണ്ട് മനഃപൂർവ്വം ദുർവിനിയോഗം ചെയ്തതിനോ അല്ലെങ്കിൽ ദേവസ്വത്തിന് നഷ്ടം വരുത്തുന്ന ഗുരുതരമായ ഉപേക്ഷയ്ക്കോ, കമ്മിറ്റിയോ ദേവസ്വത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനോ കുറ്റക്കാരനായിരുന്നെന്ന് കമ്മീഷണർക്ക് ബോദ്ധ്യം വരുന്നപക്ഷം, കമ്മിറ്റിക്കോ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ എതിരായി ഒരു സർചാർജ്ജ് ഉത്തരവ് പാസ്സാക്കാതിരിക്കാൻ കാരണം കാണിക്കുന്നതിനുള്ള ഒരു നോട്ടിസ് അതിനോ, അയാൾക്കോ നൽകിയതിനു ശേഷവും അതിന്റെയോ, അയാളുടെയോ വിശദീകരണം ഏതെങ്കിലും ഉള്ളപക്ഷം അത് പരിഗണിച്ചതിനുശേഷവും ഉത്തരവുമൂലം അപ്രകാരം നഷ്ടമായ തുക സാക്ഷ്യപ്പെടുത്താവുന്നതും ഒരു നിശ്ചിത സമയത്തിനകം ആ തുക ദേവസ്വം ഫണ്ടിൽ നിന്നല്ലാതെ സ്വയം നൽകാൻ കമ്മിറ്റിയോടോ അപ്രകാരമുള്ള ഉദ്യോഗസ്ഥനോടോ മറ്റു ജീവനക്കാരനോടോ കമ്മീഷണർക്ക് നിർദ്ദേശിക്കാവുന്നതാണ്.

എന്നാൽ, കമ്മിറ്റിയോ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ ഏതെങ്കിലും ചെലവ് സംബന്ധമായോ അല്ലെങ്കിൽ ദേവസ്വംവക വസ്തു സംബന്ധമായ ഇടപാടിലോ കമ്മീഷണറുടെയോ സർക്കാരിന്റെയോ നിർദ്ദേശങ്ങൾ

വാങ്ങുകയും അപ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസരണമായി പ്രവർത്തിച്ചിരിക്കുകയും ചെയ്തിട്ടുള്ളപക്ഷം, കമ്മിറ്റിയേയോ അപ്രകാരമുള്ള ആളിനേയോ ഉത്തരവാദിയാക്കാൻ പാടുള്ളതല്ല.

(3) കമ്മീഷണർ (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവിന്റെ ഒരു പകർപ്പ് അതിനുള്ള കാരണങ്ങൾ സഹിതം രജിസ്റ്റേർഡ് തപാൽവഴി ബന്ധപ്പെട്ട കമ്മിറ്റിക്കോ ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ അയച്ചുകൊടുക്കേണ്ടതാണ്.

(4) 2-ാം ഉപവകുപ്പുപ്രകാരമുള്ള കമ്മീഷണറുടെ ഉത്തരവുമൂലം, സങ്കടമനുഭവിക്കുന്ന കമ്മിറ്റിക്കോ, ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ, ആ ഉത്തരവ് അതിനോ, അയാൾക്കോ ലഭിച്ച്, 30 ദിവസത്തിനകം, ഉത്തരവ് ഭേദഗതി ചെയ്യുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ വേണ്ടി കോടതിയിൽ അപേക്ഷ ബോധിപ്പിക്കാവുന്നതും, കോടതിക്ക് ആവശ്യമായ തെളിവെടുത്തതിനുശേഷം സർചാർജ്ജ് ശരിവയ്ക്കുകയോ ഭേദഗതി ചെയ്യുകയോ, ഇളവു ചെയ്യുകയോ ചെയ്യാവുന്നതാണ്.

(5) ഈ വകുപ്പുപ്രകാരം കമ്മിറ്റിക്കെതിരായുള്ള സർച്ചാർജ്ജ് ഉത്തരവ് അപ്രകാരമുള്ള ഉത്തരവുമൂലം അന്തിമമായി തീരുമാനിക്കപ്പെടുന്ന സംഗതികളെ സംബന്ധിച്ചതൊഴികെ, അതിനെതിരായി കണക്കുകൾക്ക് വേണ്ടിയുള്ള ഒരു വ്യവഹാരത്തിന് തടസ്സമായിരിക്കുന്നതല്ല.

(6) കമ്മിറ്റിയിൽ നിന്നോ, ഏതെങ്കിലും ഉദ്യോഗസ്ഥനിൽ നിന്നോ, മറ്റ് ജീവനക്കാരിൽ നിന്നോ സർചാർജ്ജ് ഇനത്തിൽ വസൂലാക്കേണ്ടതായ ഏതൊരു തുകയും കമ്മീഷണറുടെ അപേക്ഷപ്രകാരം 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയിൻമേലുള്ള പൊതു കരകുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതാണ്.

അദ്ധ്യായം V

പൊതു വ്യവസ്ഥകൾ

27. ചില ആവശ്യങ്ങൾക്ക് ചെലവ് ചെയ്യുന്നതിന് കമ്മിറ്റിക്കുള്ള അധികാരം.— 21-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് മതിയാകുന്ന വകയിരുത്തൽ ചെയ്തതിനുശേഷം കമ്മിറ്റിക്ക് താഴെ പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ദേവസ്വം ഫണ്ടിൽ നിന്ന് ചെലവ് ചെയ്യാവുന്നതാണ്, അതായത്:—

(എ) ക്ഷേത്രത്തിന്റെയോ അതിന്റെ വസ്തുവകകളുടെയോ അതിൻകീഴിലുള്ള ക്ഷേത്രങ്ങളുടെയും സംരക്ഷണത്തിനും (അറ്റകുറ്റപ്പണികളും പുതുക്കിപ്പണികളും ഉൾപ്പെടെ) നടത്തിപ്പിനും ഭരണനിർവ്വഹണത്തിനും;

(ബി) ക്ഷേത്രത്തിലെയും അതിൻകീഴിലുള്ള ക്ഷേത്രങ്ങളിലെയും മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവ്വഹിക്കുന്നതിന് അർച്ചകർക്ക് പരിശീലനം നൽകുന്നതിന്;

(സി) ഭക്തജനങ്ങൾക്കും തീർത്ഥാടകർക്കും വൈദ്യസഹായവും, ശുദ്ധജലവിതരണവും മറ്റു ശുചീകരണ ഏർപ്പാടുകളും ചെയ്യുന്നതിനും, അവരുടെ താമസത്തിനായി കെട്ടിടങ്ങൾ പണിയുന്നതിനും;

(ഡി) ക്ഷേത്രത്തോട് ബന്ധപ്പെട്ട വിശ്വാസപ്രമാണങ്ങളും തത്വശാസ്ത്രവും പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും;

(ഇ) പ്രധാനമായും ഹിന്ദുമതത്തിൽപ്പെട്ട ആളുകളുടെ ഗുണത്തിനായി നടത്തിവരുന്ന ഏതെങ്കിലും അഗതിമന്ദിരമോ അതുപോലുള്ള മറ്റ് സ്ഥാപനമോ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനും, അല്ലെങ്കിൽ അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഗ്രാന്റോ അംശദായമോ നൽകുന്നതിനും;

(എഫ്) ദേവസ്വത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണത്തിനും;

(ജി) ഏതെങ്കിലും മതസ്ഥാപനത്തിന് ഏതെങ്കിലും സംഭാവന നൽകുന്നതിനും;

എന്നാൽ, ക്ഷേത്രവുമായി ബന്ധപ്പെട്ട ആചാരമോ, പതിവോ അനുവദിക്കാത്ത പക്ഷം (ജി) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ല.

28. ദേവസ്വം സ്വത്തുക്കൾ കമ്മിറ്റിയുടെ കൈവശത്തിലായിരിക്കേണ്ടതാണെന്ന്.— (1) കമ്മിറ്റിക്ക് ദേവസ്വം വക ആഭരണങ്ങളും രേഖകളും പ്രമാണങ്ങളും മറ്റ് ആസ്തികളും ഉൾപ്പെടെയുള്ള എല്ലാ സ്ഥാവരജംഗമവസ്തുക്കളും ഏറ്റെടുക്കുന്നതിനും കൈവശം വയ്ക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) അപ്രകാരം കൈവശപ്പെടുത്തുന്നതിൽ കമ്മിറ്റിയേയോ അല്ലെങ്കിൽ ആവശ്യാർത്ഥം കമ്മിറ്റി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിനേയോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്ററേയോ ആരെങ്കിലും തടയുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നപക്ഷം, അതത് സംഗതിപോലെ, കമ്മിറ്റിക്കോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റർക്കോ അങ്ങനെയുള്ള ഏതെങ്കിലും സ്വത്ത് ഏത് ജില്ലയിലാണോ സ്ഥിതിചെയ്യുന്നത് ആ ജില്ലയിലെ കളക്ടർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ആ

സ്വത്തിന്റെ കൈവശം, അതതു സംഗതിപോലെ, കമ്മിറ്റിയേയോ അഡ്മിനിസ്ട്രേറ്ററേയോ ഏൽപ്പിച്ചു കൊടുക്കുന്നതിന് അഭ്യർത്ഥിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള അഭ്യർത്ഥന കളക്ടർക്ക് നൽകിയിട്ടുള്ള പക്ഷം, കളക്ടർ കേസ്സിന്റെ വസ്തുതകളെ സംബന്ധിച്ച് സംക്ഷിപ്തമായ ഒരന്വേഷണം നടത്തേണ്ടതും എതിർപ്പോ തടസ്സമോ ന്യായമായ ഏതെങ്കിലും കാരണം കൂടാതെയാണെന്ന് ബോദ്ധ്യപ്പെടുകയുമാണെങ്കിൽ പ്രസ്തുത അഭ്യർത്ഥന അനുസരിച്ച് പ്രവർത്തിക്കേണ്ടതും; ഈ വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിൽ കളക്ടർക്ക് ആവശ്യമായേക്കാവുന്ന ബലം പ്രയോഗിക്കാവുന്നതുമാണ്.

(4) കമ്മിറ്റിയാൽ അധികാരപ്പെടുത്തപ്പെട്ടതോ അല്ലെങ്കിൽ വകുപ്പുപ്രകാരമുള്ള അതിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതോ ആയ ഏതൊരാളിനേയോ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്ററേയോ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന ഒരു പബ്ലിക് സർവെന്റായി കരുതപ്പെടേണ്ടതാണ്.

(5) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ അതിൻകീഴിൽ പുറപ്പെടുവിക്കപ്പെട്ട ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന യാതൊരാളുടെയും വസ്തുവിന്മേലുള്ള തന്റെ അവകാശം സ്ഥാപിച്ചുകിട്ടുന്നതിന് വ്യവഹാരം ബോധിപ്പിക്കുന്നതിനെ തടസ്സപ്പെടുത്തുന്നതല്ല.

29. <u>ഉത്തമവിശ്വാസത്തോടുകൂടി ചെയ്ത നടപടിക്ക് സംരക്ഷണം</u>.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊരു കാര്യത്തിനും സർക്കാരിനോ, കമ്മീഷണർക്കോ, കമ്മിറ്റിക്കോ, അതിലെ ഏതെങ്കിലും അംഗത്തിനോ, അഡ്മിനിസ്ട്രേറ്റർക്കോ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതോ അല്ലെങ്കിൽ അതിനാൽ അധികാരപ്പെടുത്തപ്പെട്ടതോ ആയ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ, ശിക്ഷാ നടപടിയോ മറ്റ് നിയമ നടപടിയോ സ്വീകരിക്കാവുന്നതല്ല.

30. <u>പബ്ലിക് ആഫീസർമാർ ചില പ്രമാണങ്ങളുടെ പകർപ്പുകളോ പ്രസക്ത ഭാഗങ്ങലോ നൽകണമെന്ന്</u>.—ദേവസ്വത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും രേഖയോ, രജിസ്റ്ററോ, റിപ്പോർട്ടോ അല്ലെങ്കിൽ മറ്റ് പ്രമാണങ്ങളോ കൈവശമുള്ള എല്ലാ പബ്ലിക് ആഫീസർമാരും, കമ്മീഷണറോ കമ്മിറ്റിയോ ആവശ്യപ്പെടാവുന്ന അവയുടെ പകർപ്പുകളോ അല്ലെങ്കിൽ അവയിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങളോ നൽകേണ്ടതാണ്.

31. <u>നടപടികളുടെ ചെലവ്, മുതലായവ</u>.—കോടതിയിൽ സമർപ്പിക്കുന്ന ഏതെങ്കിലും വ്യവഹാരത്തിന്റെയോ, അപ്പീലിന്റെയോ, അപേക്ഷയുടേയോ അല്ലെങ്കിൽ

അതിന് ആനുഷംഗികമായിട്ടുള്ളതോ ആയ കോടതി ചെലവുകളും ചാർജ്ജുകളും, ചെലവുകളും കോടതിയുടെ വിവേചനാധികാരം അനുസരിച്ചായിരിക്കുന്നതും അങ്ങനെയുള്ള കോടതി ചെലവുകളുടേയും ചാർജുകളുടേയും ചെലവുകളുടേയും മുഴുവനുമോ ഏതെങ്കിലും ഭാഗമോ ദേവസ്വത്തിന്റെ സ്വത്തുക്കളിലോ വരുമാനത്തിലോ നിന്നും വഹിക്കണമെന്നോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരത്തിലും അപ്രകാരമുള്ള ആളുകളാലും വഹിക്കപ്പെടണമെന്നോ നിർദ്ദേശിക്കാവുന്നതുമാണ്.

32. വിജ്ഞാപനം, ഉത്തരവുകൾ മുതലായവ നീതിന്യായ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്ന്.—ഈ ആക്റ്റിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമൊഴികെ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, സർക്കാരോ കമ്മീഷണറോ പുറപ്പെടുവിച്ച വിജ്ഞാപനമോ പാസ്സാക്കിയ ഉത്തരവോ എടുത്ത തീരുമാനമോ, കൈക്കൊണ്ട നടപടികളോ പ്രവർത്തിയോ അല്ലെങ്കിൽ ചെയ്യപ്പെട്ട മറ്റ് സംഗതിയോ ഏതെങ്കിലും നീതിന്യായ കോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

33. രേഖകൾ ആവശ്യപ്പെടുന്നതിനും ഉത്തരവുകൾ പാസ്സാക്കുന്നതിനുമുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, ഏത് നടപടി സംബന്ധിച്ച് ഈ ആക്റ്റുമൂലം ഒരു വ്യവഹാരത്തിനോ കോടതിയിലേക്കുള്ള ഒരു അപേക്ഷയ്ക്കോ വ്യവസ്ഥ ചെയ്തിട്ടുള്ളതോ അങ്ങനെയുള്ള ഒരു നടപടിയല്ലാത്ത ഏതെങ്കിലും നടപടിയെ സംബന്ധിച്ചുള്ള കമ്മീഷണറുടെയോ, കമ്മിറ്റിയുടെയോ രേഖകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടില്ലെന്നോ അല്ലെങ്കിൽ ദേവസ്വത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നോ അവർക്ക് ബോദ്ധ്യംവരുന്നതിലേക്കായി ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും, ഏതെങ്കിലും സംഗതിയിൽ, അപ്രകാരമുള്ള നടപടിയിലെ ഏതെങ്കിലും തീരുമാനമോ, പാസാക്കപ്പെട്ട ഉത്തരവോ ഈ ആക്റ്റിലെ വ്യവസ്ഥകളെ ലംഘിച്ചിരിക്കുന്നുവെന്നോ അല്ലെങ്കിൽ ദേവസ്വത്തിന്റെ താൽപ്പര്യാർത്ഥമല്ലെന്നോ സർക്കാരിന് തോന്നുന്നപക്ഷം അവർക്ക് അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ അസ്ഥിരപ്പെടുത്തുകയോ അല്ലെങ്കിൽ അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ പുനഃപരിശോധനയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, സർക്കാർ ഏതെങ്കിലും കക്ഷിക്ക് ഹാനികരമായ ഏതെങ്കിലും ഉത്തരവ്, തന്റെ നിവേദനങ്ങൾ സമർപ്പിക്കുന്നതിന് അയാൾക്ക് ന്യായമായ ഒരു അവസരം നൽകാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അവരുടെ അധികാരങ്ങൾ വിനിയോഗിക്കുന്നവരെ, അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ നടത്തുന്നത് സർക്കാരിന് നിർത്തിവയ്ക്കാവുന്നതാണ്.

34. <u>ഒഴിവാക്കലുകൾ</u>.—ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലോ മറ്റു വിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഈ ആക്റ്റിലുള്ള യാതൊന്നും തന്നെ ദേവസ്വത്തിൽ നിന്നോ, അല്ലെങ്കിൽ ദേവസ്വത്തിലെ ആചാരത്തിലോ മറ്റ് വിധത്തിലോ, മറ്റേതെങ്കിലും സംഗതിയെ സംബന്ധിച്ച് അതിന്റെ സ്ഥാപിതമായ വഴക്കത്തിൽ നിന്നോ ഏതെങ്കിലും ആൾക്ക് അർഹമായ അപ്രകാരമുള്ള ഏതെങ്കിലും ബഹുമതിയേയോ, പ്രതിഫലത്തേയോ പുറംവരവിനേയോ ബാധിക്കുന്നതല്ല.

35. <u>മതപരമായ കാര്യങ്ങളിൽ തന്ത്രി അന്തിമ അധികാരസ്ഥനായിരിക്കേണ്ടതാണെന്ന്</u>.—**(1)** ഈ ആക്റ്റിലുള്ള യാതൊന്നും തന്നെ ദേവസ്വത്തെ സംബന്ധിച്ചുള്ള മതപരമോ ആദ്ധ്യാത്മികമോ ആയ കാര്യങ്ങളിൽ ഇടപെടുന്നതിന് കമ്മിറ്റിയേയോ കമ്മീഷണറേയോ സർക്കാരിന് അധികാരപ്പെടുത്തുന്നതായി കരുതാൻ പാടുള്ളതല്ല.

(2) ദേവസ്വത്തെ സംബന്ധിച്ചുള്ള മതപരമോ ആദ്ധ്യാത്മികമോ ആചാരത്തേയോ അനുഷ്ഠാനങ്ങളെയോ സംബന്ധിച്ചോ ഉള്ള എല്ലാ കാര്യങ്ങളിലുമുള്ള തന്ത്രിയുടെ തീരുമാനം, അങ്ങനെയുള്ള തീരുമാനം, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലെങ്കിൽ അന്തിമമായിരിക്കുന്നതാണ്.

36. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—**(1)** സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) **13**-ാം വകുപ്പുപ്രകാരം ഭരണനിർവ്വഹണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനും;

(ബി) ദേവസ്വത്തിന്റെ രേഖകളുടെയും സ്വത്തുക്കളുടെയും സൂക്ഷിപ്പ് സംബന്ധിച്ചും;

(സി) അഡ്മിനിസ്ട്രേറ്ററുടെ ലീവ് അലവൻസുകൾക്കും, പെൻഷനും പോവിഡന്റ് ഫണ്ടിനും വേണ്ടി അംശദായം നൽകുന്നതിനും;

(ഡി) ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യത്തിനും;

വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ സഭ മുമ്പാകെ ആകെ പതിനാലു ദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം—വയ്ക്കേണ്ടതും, അത് അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭാ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

37. <u>റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) കമ്മിറ്റിക്ക്, സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി, ഈ ആക്റ്റിലെയും അത് പ്രകാരമുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, ഈ ആക്റ്റിൻകീഴിൽ അതിൻമേൽ ചുമത്തിയിട്ടുള്ള കർത്തവ്യങ്ങളും അതിൻകീഴിലുള്ള അതിന്റെ ചുമതലകളും നിർവഹിക്കേണ്ട വിധം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകളിൽ,—

(എ) അഡ്മിനിസ്ട്രേറ്ററുടെയും ദേവസ്വത്തിലെ മറ്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾക്കും;

(ബി) ക്ഷേത്രത്തിലും അതിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റ് പതിവുകളും പാലിക്കുന്നതിനും;

(സി) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏത് സംഗതികളെ സംബന്ധിച്ചാണോ റഗുലേഷനുകൾ ഉണ്ടാക്കേണ്ടതാ അങ്ങനെയുള്ള മറ്റേതെങ്കിലും കാര്യത്തിനുംവേണ്ടി, വ്യവസ്ഥ ചെയ്യാവുന്നതാണ്.

38. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നതുപോലെ ഉത്തരവുമൂലം, ഈ ആക്റ്റിനോ അതുപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾക്കോ വിരുദ്ധമല്ലാതെ, വൈഷമ്യം നീക്കുന്നതിനു ആവശ്യമാണെന്നു അവർക്കു തോന്നുന്ന ഏതു സംഗതിയും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്ട് പ്രാബല്യത്തിൽവന്ന് രണ്ടുവർഷം കഴിഞ്ഞതിനുശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

39. റദ്ദാക്കലും ഒഴിവാക്കലും.—**(1) 1917** നവംബർ **30**-ാം തീയതി പുറപ്പെടുവിച്ച കൂടൽമാണിക്യം ദേവസ്വം വിളംബര (കൊച്ചി)-ഉം അതിൻകീഴിൽ പ്രസിദ്ധീകരിച്ച ഭരണനിർവ്വഹണ പദ്ധതിയും, **1919** ജൂൺ **12**-ാം തീയതി പുറപ്പെടുവിച്ച കൂടൽമാണിക്യം ദേവസ്വം വിളംബര (തിരുവിതാംകൂർ)-വും **1918**-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റും **(1919**-ലെ **1**-ാം മദിരാശി ആക്റ്റ്) **1971**-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റും **(1971**-ലെ **7)** ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) 1971-ലെ കൂടൽമാണിക്യം ദേവസ്വം ആക്റ്റ് **(1971**-ലെ **7)** റദ്ദാക്കിയിരുന്നാൽ തന്നെയും,—

(എ) **20**-ാം വകുപ്പുപ്രകാരമുള്ള ഡിറ്റം അല്ലെങ്കിൽ ചെലവുകളുടെ തോത് നിശ്ചയിക്കുന്നതുവരെ പ്രസ്തുത ആക്റ്റിലെ **1**-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള പതിവ് അല്ലെങ്കിൽ വാർഷികചെലവുകൾ ദേവസ്വത്തിൽ തുടരാവുന്നതാണ്; കൂടാതെ

(ബി) പ്രസ്തുത ആക്റ്റിൻകീഴിൽ കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്ററോ, കമ്മീഷണറോ, പാസ്സാക്കിയതോ പാസ്സാക്കാനുദ്ദേശിച്ചതോ ആയ എല്ലാ ഉത്തരവുകളും എടുത്തതോ എടുക്കാനുദ്ദേശിച്ചതോ ആയ എല്ലാ തീരുമാനങ്ങളും, സ്വീകരിച്ചതോ സ്വീകരിക്കാനുദ്ദേശിച്ചതോ ആയ എല്ലാ നടപടികളും അല്ലെങ്കിൽ പ്രവർത്തികളും ചെയ്തതോ ചെയ്യാനുദ്ദേശിച്ചിരുന്നതോ ആയ എല്ലാ കാര്യങ്ങളും, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, അപ്രകാരമുള്ള ഉത്തരവുകളും തീരുമാനങ്ങളും നടപടികളും പ്രവർത്തികളും കാര്യങ്ങളും പാസ്സാക്കുകയോ എടുക്കുകയോ സ്വീകരിക്കുകയോ ചെയ്യുകയോ, ചെയ്യുന്നതിനോ അല്ലെങ്കിൽ പാസ്സാക്കുന്നതിനോ, എടുക്കുന്നതിനോ സ്വീകരിക്കുന്നതിനോ ചെയ്യുന്നതിനോ ഉദ്ദേശിച്ചിരുന്നതോ ആയ തീയതികളിൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിരുന്നലെന്നപോലെ, ഈ ആക്റ്റിൻകീഴിലുള്ള തക്ക അധികാരസ്ഥാനത്താൽ പാസ്സാക്കപ്പെട്ടതായോ, എടുക്കപ്പെട്ടതായോ, സ്വീകരിക്കപ്പെട്ടതായോ, ചെയ്യപ്പെട്ടതായോ കരുതപ്പെടേണ്ടതാണ്.